(സി) മയക്കുമരുന്നു വില്പന തടയുന്നതിനും, മയക്കുമരുന്നിന്റെ വൻ തോതിലുള്ള കള്ളക്കടത്തുകൾ തടയാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) നാർക്കോട്ടിക് വിംഗിൽ സൗകര്യങ്ങളിലും സേനയുടെ എണ്ണത്തിലും മാറ്റം വരുത്തിയിട്ടുണ്ടോ;

(ഇ) വിദേശ ലോബികൾക്ക് മയക്കുമരുന്ന് ഇടപാടിൽ എന്തെങ്കിലും പങ്കുള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(എഫ്) നാർക്കോട്ടിക് വിംഗ് കൂടുതൽ കാര്യക്ഷമവും വിപുലവുമാക്കി മയക്കുമരുന്ന് ലോബിക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നാല് പേർ മരിച്ചിട്ടുണ്ട്.

(സി) എക്സൈസ് വകുപ്പിന്റെ കീഴിലുള്ള എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്കാഡും സ്ട്രൈക്കിംഗ് ഫോഴ്സും മയക്കുമരുന്ന് വില്പനയ്ക്കും കള്ളക്കടത്തിനുമെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. പോലീസ് വകുപ്പിന്റെ കീഴിലുള്ള നാർക്കോട്ടിക് സെല്ലും ഇക്കാര്യത്തിൽ കർശന നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഇല്ല.

(ഇ) കണ്ടെത്തിയിട്ടില്ല.

(എഫ്) നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

കഞ്ചാവ്/മയക്കുമരുന്ന് വിൽപ്പന

36 [845] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ കഞ്ചാവ്, മയക്കുമരുന്ന് എന്നിവയുടെ വിൽപ്പന വ്യാപകമായി വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ ഒരു വർഷം ഇത്തരത്തിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) ബസ് സ്റ്റാൻറുകൾ കേന്ദ്രീകരിച്ചു നടക്കുന്ന മയക്കുമരുന്നു വില്പനയെ ചെറുക്കാൻ കൈക്കൊണ്ടുവരുന്ന നടപടികൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മലപ്പുറം ജില്ലയിലെ മയക്കുമരുന്നു കച്ചവടത്തിന്റെ പിന്നിൽ വൻതോതിൽ അധോലോകസംഘം പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കഞ്ചാവ്, മയക്കുമരുന്നു വില്പന നിശ്ശേഷം ഇല്ലാതാക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2003-2004 കാലഘട്ടത്തിൽ എക്സൈസ് വകുപ്പ് 11 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പോലീസ് വകുപ്പ് 2003-ൽ 50 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഈ പ്രദേശങ്ങൾ സസൂക്ഷ്മം നിരീക്ഷിക്കുകയും ഇവിടങ്ങളിൽ മിന്നൽ പരിശോധനകളും റെയ്ഡുകളും നടത്തി കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) കഞ്ചാവ്, മയക്കുമരുന്നു വിൽപ്പന തടയുന്നതിന്, എക്സൈസും പോലീസ് വകുപ്പും ഒറ്റയ്ക്കും കൂട്ടായും റെയ്ഡുകൾ നടത്തിവരുന്നുണ്ട്. കൂടാതെ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

ഫയർ സ്റ്റേഷൻ ഓഫീസർ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം

37 [848] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ സ്റ്റേഷൻ ഓഫീസർ തസ്തികയിൽ 1989-ന് ശേഷം നേരിട്ടുള്ള നിയമനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ;

(ബി) നേരിട്ട് നിയമനം നടത്തേണ്ട എത്ര ഒഴിവുകൾ നിലവിലുണ്ട്;

(സി) ഇതിൽ എന്നത്തേക്ക് നിയമനം നടത്തുവാൻ ഉദ്ദേശിക്കുന്നു;

(ഡി) നിയമനം ലഭിക്കുന്നവർക്ക് ഒറ്റ ബാച്ചായി പരിശീലനം നൽകുവാൻ നാഗ്പൂർ നാഷണൽ ഫയർ സർവീസ് ട്രയിനിംഗ് കോളേജിൽനിന്നും പ്രത്യേക അനുമതി വാങ്ങുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. ഒഴിവുകൾ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന് യഥാസമയം റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതിന് പരീക്ഷ നടത്തിയെങ്കിലും സ്പെഷ്യൽ

LIBRARY ARCHIVES Kerala Legislative Assembly